13

## ദൈവം

# ദൈവം തിന്മ സൃഷ്ടിച്ചുവോ?

ഒരാൾ ദൈവത്തെക്കുറിച്ചു (ശരിയായി) ചിന്തിച്ചു വളരുമ്പോൾ, ദൈവം നന്മയും ദയയും തിന്മ ചെയ്യാൻ കഴിയാത്തവനും എന്നു മനസ്സിലാക്കുവാൻ ബൈബിളിലെ ഈ വാക്യം അയാളെ അമ്പരിപ്പിച്ചേക്കാം "ഞാൻ പ്രകാശത്തെ നിർമ്മിക്കുന്നു, അന്ധകാരത്തെയും സൃഷ്ടിക്കുന്നു: ഞാൻ നന്മയെ ഉണ്ടാക്കുന്നു, തിന്മയെയും സൃഷ്ടിക്കുന്നു: യഹോവയായ ഞാൻ ഇതൊക്കെയും ചെയ്യുന്നു" (യെശയ്യാവു 45:7; കെജെവി).[1]

ഡേവിഡ് ഹ്യൂം പറഞ്ഞതു തിന്മയുണ്ടെന്നതു കാണിക്കുന്നതു ദൈവത്തിനു ശക്തിയോ നന്മയോ കുറവുണ്ട് എന്നാണ് പുരാതന അഥേനക്കാരൻ എപ്പിക്കുറസ് ഈ ചോദ്യങ്ങൾ ഉയർത്തി:

> തിന്മ തടയുവാൻ അവൻ തയ്യാറാണോ, എന്നിട്ടു കഴിയുന്നില്ലേ? അപ്പോൾ അവൻ ശക്തിഹീനനാണ്. അവനു കഴിഞ്ഞിട്ടു, മനസ്സില്ലെങ്കിലോ? അപ്പോൾ അവൻ ദുഷ്ടവിചാരമുള്ളവനാണ്. അവനു കഴിയുകയും മനസ്സും ഉണ്ടെങ്കിലോ? അപ്പോൾ പിന്നെ തിന്മയല്ല?[2]

എല്ലാ വസ്തുക്കളുടെ ജ്ഞാനത്തെ ഊഹിക്കുന്ന അഹങ്കാരപ്രദമായ വാദമാണ് ഇതെങ്കിലും, പല ആത്മാർത്ഥമായ വ്യക്തികളും തിന്മ എന്ന പ്രശ്നത്തിൽ ഇടറാറുണ്ട്. മനുഷ്യനു ഇതിന്റെ മുഴുവൻ ഉത്തരം നല്കുവാൻ കഴിയില്ലെങ്കിലും, ബൈബിൾ സന്ദേശം ചില ഉത്തരങ്ങൾ വെളിപ്പെടുത്തുന്നു, പ്രായോഗിക പരിഹാരവും നല്കുന്നുണ്ട്.

### ധാർമ്മിക തിന്മക്കു കാരണം ദൈവം അല്ല

ഒന്നിലധികം തരത്തിലുള്ള തിന്മയുണ്ടെന്നു ബൈബിൾ ചൂണ്ടിക്കാണിക്കുന്നു ധാർമ്മിക തിന്മ (കുലപാതകം പോലുള്ളവ) "നിർമ്മലൻ" ആയ ഒരാൾക്കു തീർത്തും അന്യമാണ് (1 യോഹന്നാൻ 3:3).

നമ്മുടെദൈവം "വിശ്വസ്തതയുള്ള ദൈവം വ്യാജമില്ലാത്തവൻ നീതിയും നേരും ഉള്ളവൻ തന്നേ" (ആവർത്തനപുസ്തകം 32:4). ദൈവശ്വാസിയനായ യാക്കൊബ് പറഞ്ഞു, "ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു. താൻ ആരെയും പരീക്ഷിക്കുന്നില്ല" (1:13). ദൈവം "സ്നേഹ" ത്തിന്റെ മൂർത്തിമത്ഭാവമാണെങ്കിൽ (1 യോഹന്നാൻ 4:8), അവനിൽ തിന്മയുണ്ടെന്നു തോന്നുന്നതു അസാധ്യമത്രേ അപ്പോൾ പിന്നെ, ദാർമ്മിക തിന്മ ദൈവത്തിനപ്പുറമാണ്.

## അനുസരണക്കേടിനുള്ള ശിക്ഷക്കായി തിന്മ വരുവാൻ ദൈവം കാരണമാകുന്നു

ധാർമ്മിക തിന്മക്കപ്പുറമായി, വരുന്ന തിന്മയെ വിവരിക്കുന്നതു "അച്ചടക്ക തിന്മ" ആയിട്ടാണ്. അതിന്റെ കാരണഭൂതനും നിർമ്മാതാവും ദൈവം ആണ്.

ആരംഭത്തിൽ അവന്റെ പ്രവൃത്തികൾ എല്ലാം "എത്രയും നല്ലതു" (ഉല്പത്തി 1:31)[3] എന്നാൽ ആദാമും ഹവ്വയും അനുസരമക്കേടു കാണിച്ചപ്പോൾ, ശപിക്കുവാൻ ദൈവം നിർബന്ധിതനായി. പിന്നെ, മുള്ളും, പറക്കാരെയും, കളയും, അദ്ധ്വാനവും, വേദനയും, രോഗവും, വരൾച്ചയും, ചുഴലിക്കാറ്റും, ഭൂകമ്പവും, ദൈവം തന്റെ ജ്ഞാനത്താൽ ശിക്ഷയായി മരണവും നിയമിച്ചു (ഉല്പത്തി 3:17, 18), ആദാമിന്റെ അനുസരണക്കേടു നിമിത്തം, "ആദാമിന്റെ ലംഘനത്തിനു തുല്യമായി പാപം ചെയ്യാത്തവരിലും മരണം ആദാം മുതൽ മോശെ വരെ വാണിരുന്നു" (റോമർ 5:14). അപ്പനും മകനും മറ്റൊരാളുടെ കഷ്ടം പങ്കിടുന്നു, എന്നാൽ കുറ്റം പങ്കിടുന്നില്ല (യെഹെസ്ക്കേൽ 18:20). പാപത്തിന്റെ ഫലം കൈമാറിയേക്കാം (പുറപ്പാട് 20:5), എന്നാൽ കുറ്റം അങ്ങനെ വരുന്നില്ല (റോമർ 14:12).

പിന്നീട് പഴയ നിയമത്തിൽ ഒരു ദുഷ്ടപട്ടണത്തെ നേരെയാക്കുവാൻ, ശത്രുക്കളെ അയച്ചതു സ്വർഗ്ഗത്തിൽ നിന്നുള്ള അച്ചടക്കം ആണ്. ആമോസ് 3:6 പറയുന്നു, "നഗരത്തിൽ കാഹളം ഊതുമ്പോൾ ജനം പേടിക്കാതിരിക്കുമോ? യഹോവ വരുത്തീട്ടല്ലാതെ നഗരത്തിൽ അനർത്ഥം ഭവിക്കുമോ?" യെരുശലേം പട്ടണത്തിൽ സംഭവിച്ചതു ശിക്ഷയെ തിന്മയായി നിർവചിച്ചിരിക്കുന്നതായി യിരെമ്യാവു പറയുന്നു: "എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന നഗരത്തിനു ഞാൻ അനർത്ഥം വരുത്തുവാൻ തുടങ്ങുന്നു, പിന്നെ നിങ്ങൾ കേവലം ശിക്ഷ കൂടാതെ പോകയില്ല ..." (യിരെമ്യാവു 25:29).

വാളും ക്ഷാമവും നാശവും ദൈവത്തിന്റെ അച്ചടക്ക തിന്മയുടെ ഉദാഹരണങ്ങൾ ആണ്. നാം വായിക്കുന്നു, "ഞാൻ അവരുടെ നന്മയ്ക്കായിട്ടല്ല, തിന്മയ്ക്കായിട്ടത്രേ ജാഗരിച്ചിരിക്കും, ..." (യിരെമ്യാവു 44:27); "ഞാൻ ഈ വംശത്തിന്റെ നേരെ അനർത്ഥം നിരൂപിക്കുന്നു, അതിൽ നിന്നും നിങ്ങൾ നിങ്ങളുടെ കഴുത്തുകളെ വിടുവിക്കയില്ല; നിവർന്നു നടക്കുകയുമില്ല, ഇതു ദുഷ്കാലമല്ലൊ" (മീഖാ 2:3).

യെശയ്യാവു 45:7 ലെ സന്ദർശനം വ്യക്തമാക്കുന്നതു കോരശിന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു കല്പന അയച്ചു, പോയി എല്ലാ രാജ്യങ്ങ

ളെയും തന്റെ മുമ്പിൽ കീഴ്പ്പെടുത്തുവാൻ കല്പന അയച്ചു. പല ദേശങ്ങളിലും ദൈവം അച്ചടക്ക തിന്മ അയക്കുകയും ചെയ്തതിനു, സ്വർഗ്ഗത്തിന്റെ ഉപകരണമായിത്തീർന്നു.

അതുകൊണ്ടു, തെറ്റു ചെയ്യുന്നതിൽ ദൈവത്തിനു പങ്കില്ലെങ്കിലും, വിശുദ്ധമായ അച്ചടക്കത്തിനാണ് ദൈവം "തിന്മയെ സൃഷ്ടിക്കുന്നത്."

## അച്ചടക്കത്തിനായി തിന്മയെ അയക്കുന്നതു ദൈവമാണ്

ദൈവ നിയമങ്ങൾ ലംഘിക്കാത്ത ആളുകൾ (സ്വാഭാവികമായോ അല്ലെങ്കിൽ വിപ്ലവാത്മകമായോ) അവർ വിതക്കാത്തതു കൊയ്യുന്നുണ്ട് (ഗലാത്യർ 6:7); അതായതു, അവർ പലവിധമായ കഷ്ടങ്ങൾ അനുഭവിക്കുന്നു. ഇയ്യോബിനു വ്യാധികൾ വരുവാൻ അവൻ ഒരു ദോഷവും ചെയ്തിരുന്നില്ല – എന്നാൽ അവനു അജ്ഞാതമായിരുന്നു – അവനു വ്രണം വരുവാൻ ദൈവം അനുവദിച്ചതിന്റെ ഉദ്ദേശം ദൈവത്തെ പഴിക്കാതിരിക്കത്തക്ക – നല്ലവനായിരുന്നു ഇയ്യോബ് (ഇയ്യോബു 2:9, 10), അവൻ ക്ഷമപരിശീലിക്കുകയുമായിരുന്നു (യാക്കൊമ്പ് 5:11), അപ്പോഴും ദൈവത്തിനു അവനിലെ ഞാൻ എന്ന ഭാവവും മത്സര മനോഭാവവും കാണുവാൻ കഴിയുമായിരുന്നു (നോക്കുക ഇയ്യോബ് 13:2, 3; 23:2), ക്ഷമയുടെ കുറവ് (ഇയ്യോബ് 21:4). അവന്നു മിന്നുന്ന കണ്ണുകൾ ഉണ്ടായിരുന്നു (ഇയ്യോബ് 15:12). തന്റെ സൃഷ്ടാവിനോടു വാദിക്കാനുള്ള മനോഭാവവും ഉണ്ടായിരുന്നു (നോക്കുക ഇയ്യോബ് 13:3). കഷ്ടത മനുഷ്യനെ താഴ്ത്തി. അവൻ ദൈവത്തിന്റെ ശാസന കേട്ടപ്പോൾ അവൻ "പൊടിയിലും വെണ്ണീരിലും" മാനസ്സാന്തരപ്പെട്ടു (ഇയ്യോബ് 42:6). മറ്റൊരു വിധത്തിലും ആകാത്ത വിധത്തിൽ തനിക്കു ലഭിച്ച അച്ചടക്ക തിന്മ അവനെ ശ്രേഷ്ഠതയുള്ളവനാക്കി.

പൗലൊസ് തനിക്കു നേരിട്ട ഉപദ്രവങ്ങൾക്കും വേദനയ്ക്കും, "ജഡത്തിലെ ശൂലം" എന്നിവക്കൊന്നും പരിവർത്തന ശേഷം ഒരു തെറ്റും ചെയ്തിരുന്നില്ല (2 കൊരിന്ത്യർ 12:7) അതവനെ അസഹ്യപ്പെടുത്തിയിരുന്നു. പൗലോസിനെ താഴ്ത്തുവാൻ ദൈവം അയച്ചതാണെന്നറിയാതെ അതു നീങ്ങുവാൻ അവൻ പ്രാർത്ഥിക്കുകയുണ്ടായി. ദൈവത്തെ ശപിക്കാതെ, ദൈവം തന്നെ സ്നേഹിക്കുന്നു എന്നു തിരിച്ചറിഞ്ഞു, അവൻ പറഞ്ഞു "ഞാൻ ബലഹീനനായിരിക്കുമ്പോൾ, ഞാൻ ശക്തനാകുന്നു" (2 കൊരിന്ത്യർ 12:10). എബ്രായർ 12:11 പറയുന്നു, "ഏതു ശിക്ഷയും തല്ക്കാലം സന്തോഷകരമല്ല, ദു:ഖകരമത്ര എന്നു തോന്നും, പിന്നെത്തേതിലോ, അതിനാൽ അഭ്യാസം വന്നവർക്കു നീതി എന്ന സമാധാനഫലം ലഭിക്കും."

കഷ്ടതയിലൂടെ യേശുവും അനുസരണം പഠിക്കേണ്ടിയിരുന്നു. അവനും ആശ്വാസത്തിനായി പ്രാർത്ഥിച്ചിരുന്നു. എങ്ങനെയായാലും, അവൻ തികഞ്ഞവനാകുവാൻ അവനു അച്ചടക്കം അനിവാര്യമായി ദൈവം കണ്ടിരുന്നു (എബ്രായർ 5:7–9).

## പകരമായിത്തീരുന്ന തിന്മ
## ദൈവം കാരണമാണ്

യേശുവിന്മേൽ വന്ന ഭയങ്കര ദു:ഖം, തന്റെ വ്യക്തിപരമായ തികവിനപ്പുറം മറ്റൊരു ഉപദേശം കൂടെ ഉള്ളതായിരുന്നു. അതിൽ അവൻ "തന്നെത്താൻ അനേകരുടെ പാപം ചുമന്നു" (യെശയ്യാവു 53:12), "അവൻ നമുക്കു വേണ്ടി പാപം ആകേണ്ടതിന്നായിരുന്നു" പകരമായിട്ടായിരുന്നു (2 കൊരിന്ത്യർ 5:21). അവൻ പകരമായിട്ടായിരുന്നു കഷ്ടത ഏറ്റത്.

ഒരു മനുഷ്യൻ പിറവിയിലേ കുരുടനായി ജനിക്കുന്നതു, അവന്റെ കാര്യത്തിൽ അമ്മയപ്പന്മാരുടെ പാപം നിമിത്തം ആയിരുന്നില്ല (ചിലപ്പോൾ മാതാപിതാക്കളുടെ പാപം നിമിത്തവും ഉണ്ടാകാം), ഇവിടെ അവന്റെ പാപം നിമിത്തവും ആയിരുന്നില്ല (ചിലപ്പോൾ ചിലരുടെ പാപം നിമിത്തം അന്ധത വരും). ഈ മനുഷ്യന്റെ അന്ധതയ്ക്കു ദൈവത്തിന്റേതായ ഉദ്ദേശം ഉണ്ടായിരുന്നു (യോഹന്നാൻ 9:1–3). "അവന്റെ ന്യായ വിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു!" (റോമർ 11:33). ദൈവത്തിന്റെ ചിന്ത വെളിപ്പെടുമ്പോഴെല്ലാം മനുഷ്യർ തുടർച്ചയായി അതിശയിക്കാം.

### ഉപസംഹാരം

നന്മ ചെയ്യുകയും "ആകാശത്തു നിന്നും മഴയും, ഫലപുഷ്ടിയുള്ള കാലാവസ്ഥയും, ആഹാരവും സന്തോഷവും നമ്മുടെ ഹൃദയങ്ങളിൽ തരുന്ന" ദൈവത്തെ, എല്ലാം അറിയുന്നതു വരെ കുറ്റപ്പെടുത്താൻ തുനിയരുത് (പ്രവൃത്തികൾ 14:17). കാണാത്ത കാര്യങ്ങളിലുള്ള ഉറപ്പാണ് വിശ്വാസം (എബ്രായർ 11:1), എന്നാൽ വിശ്വാസത്തിൽ എല്ലായ്പ്പോഴും ആശ്രയത്തിന്റെ മൂലകം ഉണ്ട്. മുഴുവനും കാണിക്കാവുന്ന ഒന്ന്, വിശ്വാസം ആയിരിക്കയില്ല. നല്ല ദൈവത്തിനുള്ള തെളിവു വിശുദ്ധതയ്ക്കു കനം കൂട്ടും. (നോക്കുക സങ്കീർത്തനങ്ങൾ 40:5.) അപ്പോൾ, പിന്നെ, സത്യ സന്ധനായ ഒരു മനുഷ്യൻ, തെളിവുകൾ എല്ലാം നോക്കുന്ന ആൾ, ഏറ്റു പറഞ്ഞു പ്രാർത്ഥിക്കും, "ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസം പൊറുക്കേണമേ" (മർക്കൊസ് 9:24). ധിക്കാരമുള്ള മനോഭാവം (നോക്കുക റോമർ 9:20) ഒരിക്കലും ഒരു പ്രശ്നം പരിഹരിക്കയില്ല, എന്നാൽ എല്ലായ് പ്പോഴും സ്വയം – വ്രണപ്പെടുകയും അസന്തുഷ്ടനാവുകയും ചെയ്യും. തിന്മയുടെ പ്രശ്നങ്ങൾ വരുമ്പോൾ പൂർണ്ണമായും പരിഹരിക്കാൻ കഴിയാതെ വരുമ്പോൾ, ഒരാളുടെ ജീവിതത്തിൽ പോരാട്ടം വരുമ്പോൾ, കർത്താവിനെ സ്നേഹിച്ചു അവനിൽ തുടർച്ചയായി ആശ്രയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. എല്ലാം നമുക്കു മനസ്സിലാകയില്ലെങ്കിലും "ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു" (റോമർ 8:28).

കുറിപ്പുകൾ

[1]എൻ ഏ എസ്ബിയിൽ "കലാമിറ്റി" എന്നാണ് "ഈവിൾ" എന്നല്ല. [2]ഡേവിഡ് ഹ്യൂം, "ഡയലോഗ്സ് കൺസേണിങ്ങ് നാച്ചുറൽ റീലീജിയൻ," ഇൻ *ഹ്യൂംസ് സെലക്ഷൻസ്*, എഡി. ചാൾസ് ഡബ്ലിയു. ഹെന്റൽ ജൂനിയർ. (ന്യൂയോർക്ക്: ചാൾസ് സ്ക്രിബ്നേഴ്സ് സൺസ്, 1955), 365. [3]എല്ലാം "എത്രയും നല്ലതു," ആയിരുന്നപ്പോൾ തിന്മ ഒന്നും ഇല്ലായിരുന്നു; എന്നാൽ പാപം വന്നപ്പോൾ, ദൈവം പറഞ്ഞു ഒരു ശിക്ഷയായി "ഞാൻ തിന്മ ഉണ്ടാക്കും" (യെശയ്യാവു 45:7), കൂടാതെ നോക്കുക യിരെമ്യാവു 25:29; 44:27; മീഖാ 1:12; 2:3; സങ്കീർത്തനങ്ങൾ 125:4, 5; യെശയ്യാവു 31:2; ദാനിയേൽ 9:14.

© 2009 Truth for Today